പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4881 — 14/11/2019 ലെ മറുപടി

## ബോണക്കാട് സർക്കാർ യു.പി.എസ്. ന്റെ അവസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.എസ്. ശബരീനാഥൻ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | പാലോട് ഉപജില്ലയിലെ ബോണക്കാട് സർക്കാർ യു.പി.എസിൽ ഈ വർഷം എത്ര കുട്ടികളാണ് പഠിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | പാലോട് ഉപജില്ലയിലെ ബോണക്കാട് സർക്കാർ യു.പി.സ്കൂളിൽ 2019-20 അധ്യയന വർഷം കുട്ടികളൊന്നുംതന്നെ ചേർന്നിട്ടില്ല. |
| (ബി) | കഴിഞ്ഞ വർഷത്തിനിടെ പ്രസ്തുത സ്കൂളിൽ പ്രവേശനത്തിനായി ഒരു കുട്ടിപോലും എത്തിയില്ല എന്നത് വസ്തുതയാണോ; | (ബി) | അതെ |
| (സി) | പ്രസ്തുത സ്കൂളിൽ നിലവിൽ എത്ര അദ്ധ്യാപകരുണ്ടെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത സ്കൂളിൽ നിലവിൽ പ്രഥമ അധ്യാപകൻ മാത്രമേ ഉള്ളൂ. അദ്ദേഹം സസ്പെൻഷൻ നടപടി നേരിടുന്നു. |
| (ഡി) | പ്രവേശനോത്സവവും വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും നടത്തിയിട്ടും കുട്ടികളെ പ്രസ്തുത സ്കൂളിലേക്ക് ആകർഷിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ? | (ഡി) | ബോണക്കാട് സർക്കാർ യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത് ഒരു ഒറ്റപ്പെട്ട സ്ഥലത്തും പ്രസ്തുത സ്കൂളിൽ ചേർന്ന് പഠിച്ചിരുന്ന കുട്ടികൾ അധികവും സമീപത്തെ ഒരു എസ്റ്റേറ്റിന്റെ ലയത്തിൽ താമസിച്ചിരുന്ന തൊഴിലാളികളുടെ കുട്ടികളുമായിരുന്നു. കുറച്ചുകാലങ്ങളായി എസ്റ്റേറ്റ് പൂട്ടികിടക്കുന്നതിനാൽ നിലവിൽ പ്രദേശത്ത് തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ ഇല്ലാത്തതാണ് പ്രസ്തുത സ്കൂളിൽ കുട്ടികൾ ഇല്ലാത്തതിന് കാരണം. |

സെക്ഷൻ ഓഫീസർ